(എ) സർക്കാർ ആരംഭിച്ച നെല്ല് സംഭരണത്തിലൂടെ ഇന്നുവരെയുണ്ടായ ടേൺഓവർ എത്രയെന്നും ലാഭമെങ്കിൽ എത്രയെന്നും നഷ്ടമെങ്കിൽ എത്രയെന്നും വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തിന് പുറത്തുനിന്നും നെല്ലും അരിയും കുറഞ്ഞവിലയ്ക്ക് രജിസ്ട്രേഡ് സംഘങ്ങളും മില്ലുകളും വാങ്ങിയതിനുശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് കൂടിയ വിലയ്ക്ക് മറിച്ച് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഗുണനിലവാരവും, വിലയും കുറഞ്ഞ അരിയും നെല്ലും കോർപ്പറേഷന് മറിച്ച് വിൽക്കുന്നതിന് ഇടത്തട്ടുകാരെ സൃഷ്ടിക്കാൻ രജിസ്ട്രേഷൻ സമ്പ്രദായം ദുരുപയോഗപ്പെടുത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇല്ലെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ 26-7-2005 വരെ കേരളത്തിലെ കർഷകരിൽനിന്നും നെല്ല് സംഭരിച്ച സംഭരണ ഏജൻസികളിൽനിന്ന് 2,21,205 ക്വിന്റൽ നെല്ല് ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ലാഭനഷ്ടങ്ങൾ കണക്കാക്കിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ദുരുപയോഗം ഉണ്ടാകാതിരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

റേഷൻ കടകളും അവയിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളും

71 [2821] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള റേഷൻ കാർഡുകളിൽ ഉൾപ്പെടുന്ന ആകെ അംഗങ്ങൾ എത്ര പേർ എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര റേഷൻ കടകൾ അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly